10% എം. ഡി. എ.-യായി നൽകുന്നു. കൂടാതെ കയർ ഭൂവസ്ത്രത്തിന്റെ പ്രചാരത്തിനായി ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ്, കയർ കോർപ്പറേഷൻ, കയർഫെഡ് എന്നിവയ്ക്ക് കയറ്റുമതിക്കും പ്രത്യേക എം. ഡി. എ.-യും നൽകിവരുന്നു. കയർമേഖലയിൽ ഗവേഷണ വികസനത്തിനായി ഒരു നാഷണൽ കയർ റിസർച്ച് മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാനുള്ള നടപടികളെടുത്തുവരുന്നു.

കയർ തൊഴിലാളികൾക്ക് പെൻഷൻ

108 [1117] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കയർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് മാനദണ്ഡം നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) കയർത്തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുന്നതിന് ദാരിദ്ര്യരേഖ ഒരു മാനദണ്ഡമായി നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത മാനദണ്ഡം മാറ്റി മുഴുവൻ തൊഴിലാളികൾക്കും പെൻഷൻ നൽകുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ?

ഉത്തരം

(എ) ഉണ്ട്. അറുപത് വയസ്സ് പൂർത്തിയായതോ പ്രായാധിക്യം കൊണ്ടുള്ള അവശത അനുഭവിക്കുന്നതോ പ്രവൃത്തിയെടുക്കാൻ കഴിയാത്തതോ ആയ നിധിയിലെ ഒരംഗത്തിന് അറുപത് വയസ്സ് തികഞ്ഞ സമയത്തോ അവശത അനുഭവിക്കുന്ന സമയത്തോ സാധുവായ അംഗത്വം ഉണ്ടായിരിക്കണം.

(ബി) ഇല്ല.

(സി) ബാധകമല്ല.

തൊണ്ട് സംഭരിക്കുന്നതിന് സംവിധാനം

109 [1118] ശ്രീ. സി. കെ. നാണു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിനകത്തുനിന്ന് തൊണ്ട് സംഭരിക്കാൻ പുതുതായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു സ്ഥാപനം മുഖേന, എവിടെയെല്ലാമാണ് അതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) മറ്റു വിശദാംശങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അതും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly